# പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| സ്കൂൾ കോഡ് | 35207 |
| U DISE code | 32110100902 |
| സ്കൂളിന്റെ പേര് | ഗവ.എൽ.പി.എസ്. കളർകോട് |
| മേൽവിലാസം | സനാതനപുരം പി.ഒ.ആലപ്പുഴ. |
| സ്കൂൾ ടൈപ്പ് | ഗവൺമെന്റ് |
| സ്കൂൾ വിഭാഗം | ലോവർ പ്രൈമറി (1 4) |
| ഇ-മെയിൽ ഐഡി | 35207 alappuzha@gmail.com |
| ഹെഡ്മിസ്ട്രസ്സ് | ശാലിനി പി. പി. |
| ഫോൺ | 9495872458 |
| സബ്ജില്ല | ആലപ്പുഴ |
| ജില്ല | ആലപ്പുഴ |
| ക്ലസ്റ്റർ | ഗവ ഗേൾസ് എൽ.പി.എസ്. ആലപ്പുഴ |

# ചരിത്രം

ഒന്നര നൂറ്റാണ്ടുകാലത്തെ ചരിത്ര പാരമ്പര്യവുമായി ആലപ്പുഴ മുൻസിപ്പാലിറ്റിയുടെ തെക്കേ അതിർത്തിയിൽ കളർകോട് മഹാദേവ ക്ഷേത്ര ക്കുളത്തിന്റെ വടക്കേതീരത്ത് തലയുയർത്തി നിൽക്കുന്ന ഈ വിദ്യാലയത്തിന്റെ ഉൽപത്തി ചരിത്രത്തെക്കുറിച്ച് അധികമൊന്നും അറിവില്ല. എസ്.ഡി.കോളേജിനോട് ചേർന്നുകിടക്കുന്നതുകൊണ്ട്, കോളേജ് മാനേജ്മെന്റായിരിക്കാം ഇതിന് തുടക്കമിട്ടത് എന്നാണ് ചിലരുടെ അഭ്യൂഹം.

1896ൽ സ്ഥാപിതമായെന്ന് കരുതുന്ന ഈ പാഠശാല തുടക്കത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകളുള്ള പെൺപള്ളിക്കൂടമെന്ന് വിളി ക്കപ്പെട്ടിരുന്നു. എങ്കിലും ആൺ–പെൺ ഭേദമില്ലാതെ വിദ്യാർത്ഥികൾ പഠിച്ചിരുന്നു എന്ന് പഴമക്കാരിൽനിന്ന് കേട്ടുകേൾവി. ആദ്യം 5 മുറികളുള്ള ഓടുമേഞ്ഞ പ്രധാന കെട്ടിടവും തെക്കുവശത്തായി ഓല മേഞ്ഞ ഷെഡും ചേർന്ന് ഏകദേശം മുക്കാൽ ഏക്കർ പുരയിടത്തിലാണ് സ്കൂൾ സ്ഥിതിചെയ്തിരുന്നത്. 1986 ൽ അയൽപക്ക വിദ്യാലയമായിരുന്ന എൽ.പി.ബി.എസ് അപ്ഗ്രേഡ് ചെയ്ത് ജി.യു.പി.എസ്. കളർകോടായപ്പോൾ ഈ വിദ്യാലയം ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളുള്ള ഗവ.എൽ.പി.എസ്.കളർകോടായി അവരോധിക്കപ്പെട്ടു.

കളർകോടിനെ സാമൂഹ്യ-സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ ഉച്ചസ്ഥായിലെത്തിക്കുന്നതിന് സ്കൂൾ പ്രമുഖ പങ്ക് വഹിച്ചിട്ടുണ്ട്. സാംസ്കാരിക രംഗത്തെ പല പ്രതിഭാധനന്മാരും അറിവിന്റെ ആദ്യപാഠങ്ങൾ നുകർന്നത് ഈ വിദ്യാലയത്തിലാണ്. മാങ്കുളം കൃഷ്ണൻ നമ്പൂതിരി, ഡോ.വിഷ്ണു നമ്പൂതിരി, കലാമണ്ഡലം ഗണേശൻ, കളർകോഡ് മഹാദേവൻ, ഡോ.ദ്രൗപദി അന്തർജനം, (മുൻ വിദ്യാഭ്യാസ ഡയറക്ടർ) തുടങ്ങിയവർ അവരിൽ ചിലർ മാത്രം.

# അവസ്ഥാ വിശകലനം

പൊതുവിദ്യാലയങ്ങൾ നാശത്തിന്റെ വക്കിൽ എത്തി നിൽക്കു മ്പോഴും ഇവിടുത്തെ പ്രവർത്തനമികവ് കൊണ്ട് പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ്സുവരെ മുന്നൂറിലേറെ കുട്ടികൾ ഇവിടെ, ആദ്യപാഠങ്ങൾ സ്വായത്തമാക്കിക്കൊണ്ടിരിക്കുന്നു. വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികളെയും തെറ്റുകൂടാതെ ഭാഷ, ഗണിതത്തിലെ ചതുഷ്ക്രിയകൾ എന്നിവ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു.

# ആമുഖം

ജ്ഞാനേന്ദ്രിയങ്ങളിലൂടെ ചുറ്റുപാടിൽ നിന്നു പഠിക്കാനുള്ള നൈസർഗികമായ കഴിവുകളോടെയാണ് ഒരു കുട്ടി ജനിക്കുന്നത്. ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണാനും മനസ്സിലാക്കാനും ഇടപഴകാനും വിലയിരുത്താനുമുള്ള സാധ്യതകളാണ് ഈ വിദ്യാലയത്തിലെ ഔപചാരികപഠനം വഴി കുട്ടിക്ക് ലഭിക്കേണ്ടത്.

വ്യത്യസ്തമായ സാമൂഹിക-സാമ്പത്തിക പശ്ചാത്തലമുള്ള, വ്യത്യസ്തമായ ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുകളുള്ള എല്ലാ കുട്ടികൾക്കും പഠിക്കാനും വിജയം കൈവരിക്കാനും കഴിയുമെന്ന് ഉറപ്പുവരുത്തണമെന്നും ലിംഗം, ജാതി, ഭാഷ, സംസ്ക്കാരം, മതം അംഗവൈകല്യങ്ങൾ മുതലായവയിൽ നിന്നുടലെടുക്കുന്ന പരി മിതികൾ മറികടക്കാനുതകുന്ന നയങ്ങളും പദ്ധതികളും കൂടാതെ, ശൈശവ ഘട്ടം മുതൽ യോജ്യമായ പഠന ലക്ഷ്യങ്ങളും അധ്യാപന രീതികളും വേണമെന്ന് എൻ.സി.എഫ്. വിഭാവനം ചെയ്യുന്നു. .2009 –ലെ വിദ്യാഭ്യാസ അവകാശനിയമപ്രകാരം 'ഗുണമേന്മയുള്ള വിദ്യാഭ്യാസം' കുട്ടിയുടെ അവകാശമായി മാറിക്കഴിഞ്ഞു. ഒരു പ്രത്യേക ഘട്ടം പിന്നിടുന്ന കുട്ടി ലോകത്തെവിടെയാണെങ്കിലും ആർജ്ജിക്കേണ്ട അറിവുകളുടെയും അനുഭവങ്ങളുടെയും ആകെത്തുകയാണ് അന്താരാഷ്ട്ര നിലവാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സ്കൂളുകൾ ചോദ്യം ചോദിക്കാനും, അന്വോഷിക്കാനും, തർക്കി ക്കാനും മനനം ചെയ്യാനും സങ്കല്പങ്ങളിൽ എത്തിച്ചേരാനും പുതിയ ആശയങ്ങൾ ഉണ്ടാക്കാനും ഒക്കെ അവസരം ഒരുക്കണം. മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന തലമുറയെ സൃഷ്ടിക്കാൻ പര്യാപ്തമായ ഒരു അന്തരീക്ഷത്തിൽ നിന്നുകൊണ്ട് സഹജവാസനകൾ പോഷിപ്പിക്കുന്നതിന് കുട്ടിക്ക് സ്കൂളിൽ സാർവ്വത്രികമായ വിദ്യാഭ്യാസം എന്നതുപോലെതന്നെ മുഴുവൻ പഠനനേട്ടങ്ങളും എല്ലാകുട്ടികൾക്കും ഉറപ്പാക്കുകയെന്നതിനും പ്രാധാന്യം നൽകണം.

## വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം

100 വർഷത്തോളം പഴക്കമുള്ള സ്കൂളിന്റെ കെട്ടിടങ്ങളിൽ അത്യാവശ്യ സൗകര്യങ്ങൾ പരിമിതമാണ്. വൈദ്യുതീകരിച്ചതോടെ എല്ലാ ക്ലാസ്സ് മുറികളിലും ഇനിയും സംവിധാനങ്ങൾ ആവശ്യമായിരിക്കുന്നു. സ്പീക്കർ, മറ്റ് ഡിജിറ്റൽ സംവിധാനങ്ങളും ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ സുഗമമായ ഒഴുക്കിന് അനിവാര്യമായിരിക്കെ ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിൽ നാമിനിയും മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

1. കുട്ടികളുടെ സർവമുഖമായ വളർച്ച സാധ്യമാക്കുക.
2. കുട്ടിയുടെ അറിവും കഴിവും വൈദഗ്ദ്ധ്യവും ക്രമേണ വർദ്ധിപ്പിക്കുക.
3. ശാരീരികവും മാനസികവുമായ കഴിവുകളുടെ സമ്പൂർണ്ണവികാസം സാധ്യമാക്കുക.
4. കുട്ടിക്ക് സൗഹൃദപരവും കുട്ടിയെ കേന്ദ്രീകരിച്ചിട്ടുള്ളതുമായ രീതിയിൽ പ്രവർത്തനവും കണ്ടുപിടുത്തവും പര്യവേക്ഷണവും മുഖേനയുള്ള പഠനം സാധ്യമാക്കുക.
5. ഭയം, മാനസികപിരിമുറുക്കമുണ്ടാക്കുന്ന സാഹചര്യം, ഉത്കണ്ഠ തുടങ്ങിയവയിൽ നിന്ന് കുട്ടിയെ വിമുക്തമാക്കലും സ്വതന്ത്രമായി അഭിപ്രായം പ്രകടിക്കിക്കുന്നതിന് കുട്ടിയെ സഹായിക്കുക.
6. വിദ്യാലയത്തിന്റെ സമീപ പ്രദേശങ്ങളിലുള്ള എല്ലാ കുട്ടികളേയും (6/14) വിദ്യാലയത്തിലെത്തിക്കുക. അവരെ നില നിർത്തുകയും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക.
7. കുട്ടികളിൽ ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക.
8. മതേതരത്വഭാവം, സഹിഷ്ണുത എന്നിവ കുട്ടികളിൽ വളർത്തുക.
9. കുട്ടികളിൽ സർഗാത്മകവും ക്രിയാത്മകവുമായ ചിന്തയും അന്വേഷണവും വളർത്തിയെടുക്കുക.
10. സാംസ്കാരിക പൈതൃകത്തോടും ചരിത്രത്തോടും ആദര പൂർവ്വമായ മനോഭാവം സൃഷ്ടിക്കുക.

11. സ്വയം അറിയൽ, സഹഭാവം, ആശയവിനിമയശേഷി, വ്യക്ത്യാന്തരബന്ധം, സർഗാത്മകചിന്ത, വിമർശനാത്മകചിന്ത, തീരുമാനങ്ങളെടുക്കൽ, പ്രശ്നപരിഹരണം, വൈകാരിക സന്തുലനം, പിരിമുറുക്കം കൈകാര്യം ചെയ്യൽ തുടങ്ങി ജീവിത നൈപുണികൾ വികസിപ്പിക്കുക.

12. നിയമങ്ങളെ സംബന്ധിക്കുന്ന അറിവും അവബോധവും ഉള്ള പൗരന്മാരെ സൃഷ്ടിക്കുക.

13. വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളും ക്രിമിനൽ പ്രവർത്തനങ്ങളും അകറ്റി നിർത്തുന്നതിന് അവബോധം സൃഷ്ടിക്കുക.

14. പാരിസ്ഥിതികമായ വെല്ലുവിളികളെ മറികടക്കാനുള്ള തിരിച്ചറിവ് നൽകുക.

15. മാധ്യമ അവബോധമുള്ള പൗരന്മാരെ സൃഷ്ടിക്കുക.

16. ആരോഗ്യ ശുചിത്വ ശീലങ്ങൾ വളർത്തിയെടുക്കുക.

17. ലഹരിവിരുദ്ധ മനോഭാവം വളർത്തിയെടുക്കുക.

18. വിഷയാടിസ്ഥാനത്തിൽ എല്ലാ മേഖലകളിലും എല്ലാ കുട്ടികളേയും എ ഗ്രേഡിലെത്തിക്കുക.എല്ലാ കുട്ടികളെയും തെറ്റുകൂടാതെ മലയാളം എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

19. എല്ലാ കുട്ടികളെയും ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്ത രാക്കുക.

20. എല്ലാ വിഷയത്തിലും എല്ലാ കുട്ടികൾക്കും പരമാവധി പഠനനേട്ടം ഉറപ്പാക്കുക.

21. മത്സരപരീക്ഷകൾ, സ്കോളർഷിപ്പുകൾ എന്നിവയിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുകയും വിജയം കൈവരിക്കുകയും ചെയ്യുക.

22. വിഷയാടിസ്ഥാനത്തിൽ ലാബ് സജ്ജീകരിക്കുക.

23. കോർണർ പി.റ്റി.എ കൾ ഫലപ്രദമായി സംഘടിപ്പിക്കുക.

# അക്കാദമിക കാഴ്ചപ്പാട്

- വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികളെയും തെറ്റുകൂടാതെ ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കും.
- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരും സർഗാത്മക രചയിതാക്കളുമാക്കി മാറ്റുന്നതിന് വായന പരിപോഷിപ്പിക്കും.
- ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവ വിപുലീകരിച്ച് വായനയുടെ ലോകം ഒരുക്കും.
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് സഹായ കമാകുന്ന ഇംഗ്ലീഷ് ലാബ് സജ്ജീകരിക്കും.
- കുട്ടികൾക്ക് പഠന പിന്തുണ നൽകുന്നതിന് രക്ഷിതാക്കളെ ശാക്തീകരിക്കും.
- രക്ഷിതാക്കളെക്കൂടി ഉൾപ്പെടുത്തി അറിവുത്സവങ്ങൾ സംഘടിപ്പിക്കും.
- ചിത്രകല, സംഗീതം, നൃത്തകല, നാടകം എന്നിങ്ങനെ കലാ, വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പിലാക്കുക.
- ശാരീരിക മാനസിക വികാസങ്ങളുടെയും വളർച്ചയുടെയും അടിത്തറ കുട്ടികളിൽ രൂപപ്പെടുത്തുക.
- ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പ്രത്യേകം പരിഗണിച്ച് അവരിൽ പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- പ്രകൃതിയെയും, പ്രകൃതി വിഭവ സംരക്ഷണത്തെയും സംബന്ധിച്ച കാഴ്ചപ്പാടുകൾ കുട്ടികളിലെത്തിക്കാൻ ബയോഡൈവേഴ്സിറ്റി പാർക്ക്, പച്ചക്കറിത്തോട്ടം തുടങ്ങിയവ സാക്ഷാത്കരിക്കുക.
- ലഹരിവിരുദ്ധ മനോഭാവം, റോഡ് സുരക്ഷ, അനുതാപഭാവം, നേതൃത്വഗുണം, പ്രശ്നപരിഹരണം, ലിംഗനീതി, മിതവ്യയശീലം തുടങ്ങിയ സാമൂഹ്യ-വൈകാരിക നൈപുണികൾ കുട്ടികളിൽ വളർത്തിയെടുക്കുക.
- നാലാം ക്ലാസിലെത്തുന്ന എല്ലാ കുട്ടികളെയും എൽ.എസ്.എസ് പരീക്ഷയിൽ പങ്കെടുപ്പിക്കുകയും പരമാവധി കുട്ടികളെ വിജയിപ്പിക്കുകയും ചെയ്യുക.
- നാലാം ക്ലാസിലെ എല്ലാ കുട്ടികൾക്കും സമൂഹവുമായി ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ കഴിയുക. അതിലുപരി ഒരു സമ്പൂർണ്ണ സുരക്ഷിത വിദ്യാലയം ആക്കി മാറ്റുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക.
- കല-പ്രവൃത്തിപരിചയ-കായിക വിദ്യാഭ്യാസത്തിന് വിദഗ്ദ്ധ പരിശീലനം ഉള്ളവരുടെ സേവനം സ്ഥിരമായി ലഭ്യമാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് Special Teachers ന്റെ സേവനം എല്ലാദിവ സവും ലഭ്യമാക്കുക.

# ഭൗതികാന്തരീക്ഷം - പൊതുചിത്രം

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറികൾ | 14 | — |
| ആൺകുട്ടികൾക്കുള്ള ടോയിലറ്റ് | 4 | 4 |
| പെൺകുട്ടികൾക്കുള്ള ടോയിലറ്റ് | 8 | — |
| സുരക്ഷിതവും ആവശ്യാനുസരണം | | |
| ഉപോഗിക്കാൻ കഴിയുന്ന തരത്തിലുള്ള | | |
| കുടിവെള്ള സൗകര്യം | ഉണ്ട് | — |
| പ്രധാന അദ്ധ്യപക മുറി | ഉണ്ട് | — |
| ചുറ്റുമതിൽ/ഹരിതവേലി/മറ്റു വേലികൾ | ഉണ്ട് | — |
| റാംപ്/റെയിൽ | ഉണ്ട് | — |
| അടുക്കള | ഉണ്ട് | — |
| കമ്പ്യൂട്ടർ മുറി | ഇല്ല | വേണം |
| ലൈബ്രറി | ഇല്ല | വേണം |
| ലാബ് | പരിമിതം | ആവശ്യമുണ്ട് |
| കളിസ്ഥലം | ഇല്ല | ആവശ്യമുണ്ട് |
| ശിശു സൗഹൃദ പാർക്ക് | — | വേണ്ട |
| വൈദ്യുതീകരണം | മോശമായ അവസ്ഥ | എല്ലാ ക്ലാസ്സ് മുറികളിലും അവശ്യമുണ്ട്. |
| ഡിജിറ്റിലൈസേഷൻ | | എല്ലാ ക്ലാസ്സ് മുറികളിലും അവശ്യമുണ്ട് |

## വിദ്യാലയത്തിലെ ഐ.റ്റി. അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ-ലാപ്ടോപ്പ് | 6 | 5 |
| പ്രൊജക്ടർ-എൽ.സി.ഡി. | 2 | 8 |
| ടി വി | 1 | 1 |
| വിക്ടർ ചാനൽ ലഭ്യത | - | ആവശ്യമുണ്ട് |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | വേണ്ട |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ് | ഉണ്ട് | — |
| സ്മാർട് ക്ലാസ്സ് റൂം | ഉണ്ട് (1) | 9 |

## മികവിന്റെ കാഴ്ചപ്പാട് - ഭൗതികം

| | |
|---|---|
| ക്ലാസ് മുറികൾ | നിലവിലുള്ള പഴകിയ കെട്ടിടങ്ങൾ മാറ്റി ആധുനിക സൗകര്യങ്ങളോടു കൂടിയ ഡിജിറ്റൽ സ്മാർട് ക്ലാസ്മുറികൾ (15) White Board |
| അസംബ്ലി ഹാൾ | അസംബ്ലിക്ക് അണിനിരക്കുന്നതിന് (മഴയും വെയിലും അതിജീവിക്കാൻ) |
| ഡയ്നിംഗ് ഹാൾ/വാഷ് ഏരിയ | 300 പേർക്ക് ഒരേ സമയം ഇരുന്നു ഭക്ഷണം കഴിക്കാവുന്ന ഇരിപ്പിടങ്ങളോടു കൂടിയ ഹാൾ |
| പാചകത്തൊഴിലാളികളുടെ എണ്ണം | 100 കുട്ടികൾക്ക് ഒരു കുക്ക് എന്ന രീതിയിൽ റിക്വസ്റ്റ് ചെയ്യും. |
| സ്വീപ്പർ/പ്യൂൺ | ഒരു ഫുൾ ടൈം മീനിയലും പ്യൂണും ഉണ്ടാകണം, സ്കൂൾ കോമ്പൗണ്ടും ക്ലാസ്മുറികളുംശുചിയായി സൂക്ഷിക്കുന്നതിന് ഒരു ഫുൾ ടൈംമീനിയലിന്റേയും പ്യൂണിന്റേയും പോസ്റ്റ് റിക്വസ്റ്റ് ചെയ്യും. |
| അടുക്കള | Well electrified fully electrorised (Mixer Grinder, Refrigerator, Microwave Oven etc.) |
| മാലിന്യ സംസ്ക്കരണം | ജൈവ മാലിന്യ സംസ്ക്കരണത്തിന് മുനിസിപ്പാലിറ്റിയുടെ സഹായത്തോടെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ നടപടിയെടുക്കും. |
| സ്കൂൾ ലൈബ്രറി | ഇംഗ്ലീഷ്, മലയാളം ലാബുകൾ |
| Language Lab | |
| Science Lab and Experiment Corner | |
| Waste Management System | |
| Garden | |
| Yoga Centre | |
| CCTV | |
| Mini Theatre | |
| Classwise Separate urinals with locks | |
| High Tech Classrooms | |

# ലഭ്യമായ വിഭവങ്ങൾ

കർമ്മനിരതരായ പ്രഥമാധ്യാപകരും മറ്റ് അധ്യാപകരും ഈ വിദ്യാലയത്തിന് എക്കാലവും മുതൽക്കൂട്ടാണ്. അധ്യാപകർ അവർക്ക് ലഭിക്കുന്ന നിർദ്ദേശങ്ങളും പരിശീലനങ്ങളും ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുന്നത്. പഠനനിലവാരം ഉയർത്തുന്നതിന് സഹായകമാകുന്നു. ക്ലസ്റ്റർ പരിശീലനങ്ങളിൽനിന്നും ട്രെയിനിംഗുകളിൽനിന്നും ലഭിക്കുന്ന അനുഭവങ്ങൾ ക്ലാസ് പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നു.

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിൽ നിന്നും എത്തുന്നവരാണ് ഇവിടുത്തെ വിദ്യാർത്ഥികളിലധികവും.

പുരോഗമന കാംക്ഷികളായ ധാരാളം സുമനസ്സുകളുടെ സഹായം ഈ സ ്കൂളിന് എക്കാലവും മുതൽക്കൂട്ട് തന്നെ. മാറി മാറി വരുന്ന ഭരണനേതാക്കൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, എം.എൽ.എ ഫണ്ടുകൾ, എസ്.എസ്.എ ഫണ്ടുകൾ മുതലായവ സ്കൂളിന്റെ മുഖഛായയ്ക്ക് താൽകാലികമായ പുതുമ കൂട്ടിയെങ്കിലും ഭൗതികമായപരിമിതികൾ ഏറെയാണ്. ഉള്ള കെട്ടിടങ്ങൾ ഏതാണ്ട് പഴകിയ അവസ്ഥയിലാണ്. പുതിയ മുറികൾ  കൂട്ടിച്ചേർത്തത് പഴയമുറികളുടെ സുതാര്യത കുറച്ചു. കാറ്റും വെളിച്ചവും കടക്കുന്ന ആധുനിക സജ്ജീകരണ ങ്ങളോടുകൂടിയ  ക്ലാസ്മുറികളാണ് നമുക്ക് വേണ്ടത്.

കുട്ടികളെ സുരക്ഷിതരായി സ്കൂളിലെത്തിക്കുന്നതിന് ബഹു.മുൻ എം.എൽ.എ ശ്രീ.എം.എ.ഷുക്കൂർ അവർകൾ സ്കൂളിന് അനുവദിച്ച് നൽകിയ സ ്കൂൾവാൻ വളരെ അനുഗ്രഹമാണ്. എന്നാൽ അടിക്കിടെയുള്ള വാനിന്റെ അറ്റകുറ്റപണികൾക്കാവശ്യമായ സാമ്പത്തികം സ്കൂളിന് ഒരു വൻ പ്രശ്നം തന്നെയാണ്. ആയതിനാൽ എം.പി ഫണ്ടിൽനിന്നോ മറ്റോ ഒരു പുതിയ വാൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചർച്ചചെയ്തു വരുന്നു.

# സാമൂഹ്യ പങ്കാളിത്തം

സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും അധ്യാപകരുടെയും രക്ഷിതാക്കളുടെയും സജീവസാന്നിദ്ധ്യം ഉണ്ടായിട്ടുണ്ട്. എസ്.എം. സി, പി.റ്റി.എ തുടങ്ങിയവ സ്കൂളിന്റെ അവിഭാജ്യ ഘടകങ്ങളായിമാറിയിരിക്കുന്നു.

SMC/PTA/MPTA ശാക്തീകരണത്തിന് SSK സംഘടിപ്പിക്കുന്ന പരിശീലനങ്ങളിൽ മെമ്പർമാർ പങ്കെടുക്കാറുണ്ട്.

CPTA എല്ലാമാസവും സംഘടിപ്പിച്ച് കുട്ടികളുടെ പഠനനിലവാരവും സ ്കൂളിന്റെ പൊതുമികവുകളും പങ്കുവെയ്ക്കാറുണ്ട്.

**ബോധവത്കരണ ക്ലാസ്സുകൾ** : കുട്ടികൾക്കും രക്ഷിതാക്കൾക്കും പ്രത്യേകമായ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്.

**കൗൺസിലിംഗ്** : മദ്യ-മയക്കുമരുന്നിനടിമകളായ രക്ഷിതാക്കളെ കണ്ടെത്തി അവർക്ക് കൗൺസിലിംഗ് നൽകുന്നു.

**പഠനത്തോടൊപ്പം വരുമാനം** : ഇത് ലക്ഷ്യമാക്കി ചോക്ക് നിർമ്മാണം, ചന്ദനതിരിനിർമ്മാണം,കൂട് നിർമ്മാണം,പച്ചക്കറിത്തോട്ടം ഇവയ്ക്ക് പരിശീലനം നൽകുന്നു.

**ആഘോഷദിനങ്ങൾ ജനകീയമാക്കാൻ** : റാലികൾ സംഘടിപ്പിക്കുകയും പ്രസ്തുത പരിപാടികളിൽ പൊതുജനങ്ങളെക്കൂടി പരമാവധി പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. പുതുവത്സരദിനത്തിൽ സ്കൂളിലെ കുട്ടികളുടെ വീട്ടിലെ വൃദ്ധജനങ്ങളെ സംഘടിപ്പിച്ച് അവരുടെ അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്യുന്നു. ബാലോത്സവം, വൃദ്ധോത്സവം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.

**അയൽപക്ക ലൈബ്രറി** : കൈതവനയിലെ കുമാര വൈജയന്തി വായന ശാല, പറവൂർ പബ്ലിക്ക് ലൈബ്രറി തുടങ്ങിയവയുടെ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

# വിലയിരുത്തൽ

1. **യൂണിറ്റ് ടെസ്റ്റ്**

ഓരോ യൂണീറ്റിനു ശേഷവും ടെസ്റ്റുകൾ നടത്തി വിലയിരുത്തുന്നു. പരിഹാരബോധനവും നൽകുന്നു.

2. **നിരന്തര വിലയിരുത്തൽ**

ഓരോ പ്രവർത്തനം നടക്കുമ്പോഴും കുട്ടിയുടെ വിഷയ ബന്ധിതമായ മികവ്, കലാ-കായിക പ്രവൃത്തിപ രിചയമേഖലയിലെ മികവ് തുടങ്ങിയവ വിലയിരുത്തുന്നു. വർക്കുഷീറ്റുകൾ, പോർട്ട്ഫോളിയോ എന്നിവ വിലയിരുത്തലിനായി ഉപയോഗിക്കുന്നു.

3. **ടേം മൂല്യ നിർണ്ണയം**

മൂന്നു ടേമുകളിലായി മൂല്യനിർണ്ണയം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി രേഖപ്പെടുത്തുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുരൂപീകരണം നടപ്പിലാക്കുകയും വ്യക്തി അധിഷ്ഠിത പഠനം ഉറപ്പാക്കുകയും ചെയ്യുന്നു.

# വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും

**ശക്തികൾ**

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മാറി വരുന്ന എം.എൽ.എമാർ, എസ്.എസ്.എ തുടങ്ങിയവർ നൽകുന്ന സഹായങ്ങൾ.
- അർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന വിദ്യാലയവികസന സമിതി അംഗങ്ങൾ.
- കുട്ടികളുടെ പഠനകാര്യങ്ങളിൽ ശ്രദ്ധാലുക്കളായ രക്ഷിതാക്കൾ. ആത്മാർത്ഥതയോടെയും ത്യാഗമനസ്കതയോടുംകൂടി പ്രവർത്തിക്കുന്ന അധ്യാപകർ.
- വിവിധ സന്നദ്ധസംഘടനകൾ.

**പരിമിതികൾ**

- സ്മാർട്ട് ക്ലാസ്മുകളുടെ അഭാവം
- കമ്പ്യൂർ ഉപകരണങ്ങളുടെ അഭാവം.
- കളിയുപകരണങ്ങളുടെ അഭാവം.
- പഴകിയ കെട്ടിടങ്ങൾ.
- Digital and Comfortable Classrooms.
- Library room, Dining Area, Math Lab
- Science Lab, Playground തുടങ്ങിയവയുടെ കുറവ്.
- പാചകക്കാരുടെ എണ്ണക്കുറവ്.
- ഫുൾ ടൈം സ്വീപ്പർമാരുടെ അഭാവം.
- English Lab

**സാധ്യതകൾ**

M.L.A, M.P തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന ഫണ്ടുപയോഗിച്ച് നിലവിലുള്ള കെട്ടിടങ്ങളുടെ സ്ഥാനത്ത് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളും Digitalized Classrooms ഉം നിർമ്മിക്കുക.

# അക്കാദമികം

| | |
|---|---|
| വിഭാഗം | ആഴ്ചയിലൊരിക്കൽ<br>SRC മാസത്തിലൊരിക്കൽ<br>PTA മാസത്തിലൊരിക്കൽ<br>MPTA മാസത്തിലൊരിക്കൽ<br>SSG മാസത്തിലൊരിക്കൽ |
| സ്കൂൾ വികസന സമിതി | മാസത്തിലൊരിക്കൽ |
| ഗണിതലാബ് | കാര്യക്ഷമം |
| ശാസ്ത്ര-സാമൂഹ്യശാസ്ത്രക്ലബ് | |
| ലൈബ്രറി | പ്രത്യേക മുറിയില്ലെങ്കിലും ഉള്ള സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നു |
| കമ്പ്യൂട്ടർ ലാബ് | സൗകര്യങ്ങൾ പരിമിതമാണെങ്കിലും എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പ്രാഥമിക പരിജ്ഞാനം കിട്ടുന്നതിനുള്ള സംവിധാനം ഒരുക്കുന്നു. |
| കലാ-കായിക പ്രവൃത്തി പരിചയം | പ്രത്യേക പരിശീലനം നൽകുന്നു. |
| പഠനോപകരണ നിർമ്മാണശേഖരം | S.R.G.യിൽചർച്ച ചെയ്ത് സംഘടിപ്പിക്കുന്നു |
| ദിനാചരണങ്ങൾ | പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട് ആചരിക്കുന്നു. |
| പഠനപോഷണ പരിപാടി | പ്രത്യേക ക്ലാസ്സുകൾ<br>(ശ്രദ്ധ, മലയാളത്തിളക്കം പിന്നോക്കക്കാർക്ക്) |
| സ്കോളർഷിപ്പ് പരീക്ഷകൾ | എൽ.എസ്.എസ് പരീക്ഷയിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നു. |
| ഐ.ടി അധിഷ്ഠിത പഠനം | ആവശ്യാനുസരണം ഉപയോഗിക്കുന്നു |
| അസംബ്ലി | ആഴ്ചയിൽ രണ്ട് ദിവസം കൂടുന്നു |

| | |
|---|---|
| പഠനയാത്ര, ഫീൽഡ്രിപ്പ് | അവസരോചിതമായി സംഘടിപ്പിക്കുന്നു.<br>ഉദാ: ലൈബ്രറി സന്ദർശനം (ജൂൺ 19)<br>മിൽമ സന്ദർശനം (ജനുവരി 28)<br>കുഞ്ചൻ സ്മാരക സന്ദർശനം<br>തകഴി സ്മാരക സന്ദർശനം<br>കുളവും പാടവും നിരീക്ഷണം |
| വിദഗ്ദ ക്ലാസുകൾ | സംഘടിപ്പിക്കാറുണ്ട് |
| അദ്ധ്യാപക ശാക്തീകരണ പരിപാടികൾ | ക്ലസ്റ്റർ തല പരിശീലനങ്ങൾ SRG |
| ബ്ലോഗ്, വെബ്സൈറ്റ് | സ്കൂൾ മികവുകൾ ലോകത്തെ അറിയിക്കാൻ<br>ഫെയ്സ്ബുക്കിൽ പോസ്റ്റു ചെയ്യാറുണ്ട് . |
| സ്കൂൾതല മേളകൾ | ശാസ്ത്ര-സാമൂഹ്യ ശാസ്ത്രമേള,<br>കലാ-കായികമേളകൾ സംഘടിപ്പിക്കുന്നു. |
| ക്ലാസ് പ്രതങ്ങൾ | ക്ലാസ് സ്കൂൾതല വാർത്തകൾ<br>റിപ്പോർട്ട് ചെയ്തുകൊണ്ട് പത്രങ്ങൾ<br>തയ്യാറാക്കാനുള്ള പദ്ധതി<br>ആസൂത്രണം ചെയ്തു വരുന്നു. |

# ഉച്ചഭക്ഷണം

| പ്രവർത്തനം | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| ഉച്ചഭക്ഷണ കമ്മിറ്റി രൂപീകരണം | SMC ചെയർമാൻ, അധ്യാപകർ, MP TA അംഗങ്ങൾ, രക്ഷകർതൃ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തുന്നു. | മെയ് അവസാന വാരം | ഹെഡ്മാസ്റ്റർ |
| അടുക്കള ശുചീകരണം | അടുക്കള പരിസരം, പാത്രങ്ങൾ, കുടിവെള്ള സംവിധാനം എന്നിവ വൃത്തിയാക്കുകയും കേടുപാടുകൾ നീക്കുകയും ചെയ്യുന്നു. | മെയ് | പാചകതൊഴിലാളി MPTA അംഗങ്ങൾ |
| വിറക് ശേഖരണം | വിറക് വാങ്ങി ഉണക്കി ശേഖരിക്കുന്നു. പാചക വാതകത്തിന്റെ അഭാവത്തിൽ ഉപയോഗിക്കുന്നതിന് | | പാചകത്തൊഴിലാളി |
| കുടിവെള്ള വിതരണം | വാട്ടർഫ്യൂരിഫയറിൽ നിന്നും വെള്ളം ശേഖരിച്ചു വയ്ക്കുന്നു. | എല്ലാ ദിവസവും | PTCM |
| ഉച്ച ഭക്ഷണത്തിന് അർഹമായ കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു | ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ ലിസ്റ്റ് ക്ലാസ് ടീച്ചേഴ്സ് തയ്യാറാക്കി എച്ച്.എം സാക്ഷ്യപ്പെടുത്തി എ.ഇ.ഒയ്ക്ക് നൽകുന്നു | ജൂൺ | ക്ലാസ് ടീച്ചർ |
| ഉച്ചഭക്ഷണ വിതരണം | നേരത്തേ തയ്യാറാക്കിയ മെനു അനുസരിച്ച് MPTA അംഗങ്ങളുടെ സഹായത്തോടെ ഉച്ചഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്നു. | ജൂൺ-മാർച്ച് | ചുമതലയുള്ള അദ്ധ്യാപകൻ |
| മുട്ട വിതരണം | എല്ലാ ബുധനാഴ്ചയും ഓരോ പുഴുങ്ങിയ മുട്ട ക്ലാസ്സിൽ വിതരണം ചെയ്യുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ |
| പാൽവിതരണം | തിങ്കൾ, വ്യാഴം ദിവസങ്ങളിൽ തിളപ്പിച്ചാറിയ പാൽ ഓരോ ഗ്ലാസ്സ് (15 മില്ലി) വൈകുന്നേരം വിതരണം ചെയ്യുന്നു | | |
| ശുചിത്വ | പാചകതൊഴിലാളികൾക്ക് ആരോഗ്യ ശുചിത്വത്തെക്കുറിച്ച് ബോധ-വത്ക്കരണ ക്ലാസ്സിൽ പങ്കെടുക്കാൻ അവസരം നൽകുന്നു. | | മുൻസിപ്പാലിറ്റി |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പ ന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധി പ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസര മൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# മലയാളം/പഠനപിന്നാക്കാവസ്ഥ

**പ്രവർത്തനം :** 1
**പേര്** : **പുസ്തകം എന്റെ ചങ്ങാതി**
**ഉപമേഖല** വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ക്ലാസ്സ് ടീച്ചർ | 1000 |

**പ്രവർത്തനം :** 2
**പേര്** : **എന്റെ പിറന്നാൾ പുസ്തകം**
**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 5000 |

**പ്രവർത്തനം :** 3
**പേര്** : **ഉച്ചഭാഷിണി വായന**
**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 4**
**പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | 4000 |

**പ്രവർത്തനം : 5**
**പേര് : സ്കൂൾ ലൈബ്രറി**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

**പ്രവർത്തനം : 6**
**പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്ത നങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 7

പേര് : **ക്ലാസ്സ് തല പതിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8

പേര് : **എന്റെ വായനാ കുറിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9

പേര് : **കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

**പ്രവർത്തനം : 10**

**പേര് : രചനോത്സവം**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

**പ്രവർത്തനം : 11**

**പേര് : സർഗ്ഗവേള**

**ഉപമേഖല : പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 10,000<br>3000 |

**പ്രവർത്തനം : 12**

**പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക**

**ഉപമേഖല : ആശയഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ | 3000 |

# ഇംഗ്ലീഷ്

**പ്രവർത്തനം :** 1
**പേര്** : ഇംഗ്ലീഷ് അസംബ്ലി
**ഉപമേഖല** : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം :** 2
**പേര്** : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ ഏഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : Reading Card Work Shop
ഉപമേഖല : വായാനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാര ങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോ ഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം : 5
പേര് : Work Sheet Work Shop
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടി കൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടി കൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാ ക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി. | 4000 |

# അറബിക്

**പ്രവർത്തനം :** 1

**പേര് :** **ലോക ഭാഷ -അറബി ഭാഷ**

**ഉപമേഖല :** അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

**പ്രവർത്തനം :** 2

**പേര് :** **അറബി വായനോത്സവം**

**ഉപമേഖല :** വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായാനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

**പ്രവർത്തനം :** 3

**പേര് :** **അറബി രചനോത്സവം**

**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

# ഗണിതം

**പ്രവർത്തനം** : 1
**പേര്** : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
**ഉപമേഖല** : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ട ങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമി ന്റെയും തുട ക്കത്തിൽ | SSG | 4000 |

**പ്രവർത്തനം** : 2
**പേര്** : ഗണിതലാബ് (ഗണിതമധുരം)
**ഉപമേഖല** : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാ ശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴ കാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

**പ്രവർത്തനം** : 3
**പേര്** : ഗണിതമൂല
**ഉപമേഖല** : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാ ശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 4
പേര് : യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരി ക്കുന്നുവെന്ന് ഉറപ്പാ ക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഗണിതക്ലാസ് പി. ടി. എ.
ഉപമേഖല : സി. പി. ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാ വനം ചെയ്യുന്ന ഗണി തശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങ ളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാ ക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാ ക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപ ദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പു കൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

**പ്രവർത്തനം : 1**
**പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല**
**ഉപമേഖല : ലാബ് ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾകിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

**പ്രവർത്തനം : 2**
**പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്**
**ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : പരീക്ഷണകിറ്റ്**
**ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

# സാമൂഹികാവബോധം

**പ്രവർത്തനം :** 1
**പേര്** : **അതിഥിയെ അറിയൽ**
**ഉപമേഖല** : **സാമൂഹ്യ അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം :** 2
**പേര്** : **പ്രാദേശിക അറിവ്**
**ഉപമേഖല** : **നാട്ടറിവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

**പ്രവർത്തനം :** 3
**പേര്** : **ഫീൽഡ് ട്രിപ്പ്**
**ഉപമേഖല** : **പൊതു സ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1
പേര് : **വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2
പേര് : **I T ലാബ്**
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിക്‌ൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

# പ്രവൃത്തി പരിചയം

**പ്രവർത്തനം :** 1
**പേര്** : പ്രവൃത്തി പരിചയശിൽപശാല
**ഉപമേഖല** : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.നിർമ്മാണം:ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം :** 2
**പേര്** : പേപ്പർ ബാഗ് നിർമാണം
**ഉപമേഖല** : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

**പ്രവർത്തനം :** 3
**പേര്** : ഒറിഗാമി
**ഉപമേഖല** : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപ രിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

## ആരോഗ്യ – കായിക –വിദ്യാഭ്യാസം

**പ്രവർത്തനം :** 1

**പേര്** : **കായികാരോഗ്യം**

**ഉപമേഖല** : **എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM SRG PTA | 10,000 |

**പ്രവർത്തനം :** 2

**പേര്** : **ഹെൽത്ത് ചെക്ക് അപ്പ്**

**ഉപമേഖല** : **ആര്യോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| - എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആര്യോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | - 3,000 |

**പ്രവർത്തനം :** 3

**പേര്** : **കായിക വിദ്യാഭ്യാസം – അധ്യാപക ശിൽപശാല**

**ഉപമേഖല** : **അധ്യാപക ശാക്തീകരണം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| - ആര്യോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

## ഉപസംഹാരം

വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികൾക്കും പരമാവധി പഠനനേട്ടങ്ങൾ ഉറപ്പു വരുത്തുന്നതി നനുയോജ്യമായ അക്കാദമിക-ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് ഉതകുന്ന വിധത്തിൽ തയ്യാറാക്കിയതാണ് ഈ മാസ്റ്റർ പ്ലാൻ.